പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3954

16-05-2017 ൽ മറുപടിക്ക്

## ചാലക്കുടി മണ്ഡലത്തിൽ കെ.എൽ.ഡി.സി മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ.ബി.ഡി ദേവസ്സി | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) ചാലക്കുടി മണ്ഡലത്തിൽ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ; | എ) | ചാലക്കുടി മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ പുരോഗതിയും താഴെ കൊടുത്തിരിക്കുന്നു.<br>1. ആർ. ഐ. ഡി. എഫ്. Tranche XIX – കൊടകര ഗ്രാമ പഞ്ചായത്തിലെ ചെറുവത്തൂർ ചിറയുടെ നവീകരണ പ്രവർത്തികൾ – പൂർത്തീകരിച്ചു.<br>2. ആർ. ഐ. ഡി. എഫ്. Tranche XX – കൊടകര ഗ്രാമ പഞ്ചായത്തിലെ അന്നംചിറ കുളം, കണ്ടംകുളങ്ങര കുളം എന്നിവയുടെ നവീകരണ പ്രവർത്തികൾ – പൂർത്തീകരിച്ചു.<br>3. ആർ. ഐ. ഡി. എഫ്. Tranche XXII – കപ്പത്തോട്, ചിക്കാമുണ്ടിക്കുളം, കാവനാട് ചിറ എന്നിവയുടെ നവീകരണ പ്രവർത്തികൾ - ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതുണ്ട്.<br>4. ആർ. കെ. വി. വൈ. (2015-16) – കൊടകര ഗ്രാമ പഞ്ചായത്തിലെ ഉപ്പൻ ചിറ, പുതുക്കുളങ്ങര കുളം എന്നിവയുടെ നവീകരണ പ്രവർത്തികൾ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| ബി) ചാലക്കുടി മുനിസിപ്പാലിറ്റി 23-ാം വാർഡിലെ പ്രധാന ജലസ്രോതസ്സായ കണ്ണംകുളം വൃത്തിയാക്കി, കെട്ടി സംരക്ഷിക്കാനായി കെ.എൽ.ഡി.സിക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>സി) ഇതിനുള്ള അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (ബി) യും (സി) യും | പ്രസ്തുത പ്രവൃത്തി PMKSY ജില്ലാ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതാണ്. |

Sabhal.
സെക്ഷൻ ഓഫീസർ